**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നമ്പർ.എസിഡി.സി1/55509/2014** **തീയതി : 05.02.2015**

ഡയറക്ടർ

എല്ലാ ഗവൺമെന്റ് ഹയർസെക്കന്ററി
സ്കൂൾ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഗവ.ഹയർസെക്കന്ററി സ്കൂൾ ഗസ്റ്റ് അദ്ധ്യാപക നിയമനം - സംബന്ധിച്ച് -

സൂചന :1) 15.06.2013-ലെ എസിഡി.സി1/42129/12/എച്ച്.എസ്.ഇ നമ്പർ ഈ ഓഫീസിലെ സർക്കുലർ

2) 10.08.2001, 22.05.2004, 30.07.2004 എന്നീ തീയതികളിലെ എഡി.ബി5/7225/2000/എച്ച്.എസ്.ഇ നമ്പർ ഈ ഓഫീസിലെ സർക്കുലറുകൾ

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിൽ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച സൂചന സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. റഗുലർ അദ്ധ്യാപകരുടെ അഭാവത്തിൽ ഹയർസെക്കന്ററി സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനായി നിയമിക്കുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ വിവിധ പത്രങ്ങളിൽ പരസ്യപ്പെടുത്തിയതിനുശേഷവും സെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്നില്ല എന്ന് കാണിച്ച് നിരവധി അപേക്ഷകൾ സർക്കാർ സ്കൂൾ പ്രിൻസിപ്പാൾമാരിൽ നിന്നും കിട്ടുന്നുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ താഴെ പറയുന്ന വ്യവസ്ഥയ്ക്ക് വിധേയമായി സെറ്റ് യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവത്തിൽ സെറ്റ് യോഗ്യതയില്ലാത്തവരെ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് പരിഗണിക്കാവുന്നതാണ്.

ആവർത്തിച്ച് പത്രപരസ്യം നൽകിയതിനുശേഷവും സെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള മറ്റു യോഗ്യതകൾ ഉള്ളപക്ഷം ഉദ്യോഗാർത്ഥികളെ ആ അദ്ധ്യയന വർഷത്തേക്ക് മാത്രമായി തെരഞ്ഞെടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

for ഡയറക്ടർ

23/Jay/05.02.15